**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ പഞ്ചായത്ത്- 2018 - 19 വർഷത്തെ ക്യൂ ബിൽ തുക അനുവദിക്കാത്തതിനെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകുമെന്ന 28/05/2019 -ലെ ഭരണ സമിതി യോഗത്തിലെ 1 (4) -ാം നമ്പർ തീരുമാനത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് വിഷയം റഫർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1825/2019/തസ്വഭവ തിരുവനന്തപുരം, തീയതി: 24.08.2019

---

പരാമർശം:- 1 15.05.2019 ലെ സ.ഉ.(സാധാ) നം. 990/2019 /ത.സ്വ.ഭ.വ. ഉത്തരവ്

2. മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 28/05/2019 -ലെ യോഗത്തിലെ 1 (4) -ാം നമ്പർ തീരുമാനം

3. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.06.2019 തീയതിയിലെ G2 4800/15 നമ്പർ കത്ത്

4 28.06.2019 ലെ സ.ഉ.(സാധാ.) നം. 1328/2019/ത.സ്വ.ഭ.വ ഉത്തരവ്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ മാർച്ച് 31 ന് മുമ്പ് പ്രവൃത്തി പൂർത്തിയാക്കിയ 24,01,73,975 രൂപയുടെ ബില്ലുകൾ പ്രകാരമുള്ള തുക ട്രഷറിയിൽ നിന്ന് അനുവദിക്കുകയുണ്ടായില്ല എന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിനെതിരായി ബഹു. ഹൈക്കോടതിയെ സമീപിക്കുവാൻ മലപ്പുറം ജില്ലാ പഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനമെടുത്ത വിവരം പരാമർശം (3) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രസ്തുത തീരുമാനം താൽകാലികമായി നിർത്തി വയ്ക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

ഈ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 191 (2) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 28/05/2019 -ലെ യോഗത്തിലെ 1 (4) -ാം നമ്പർ തീരുമാനം സംബന്ധിച്ച വിഷയം നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനും, നിഗമനങ്ങൾ സർക്കാരിലേയ്ക്ക് അറിയിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ഡോ മിത്ര റ്റി ഐ എ എസ്
അഡീഷണൽ സെക്രട്ടറി

ബഹു .തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, മൂന്നാം നില, പി.ഒ., പാളയം,
യൂണിവേഴ്സിറ്റി
തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്.
ധനകാര്യ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ